02-04-2013 AS-SP-I
10.50-11.00

**ശ്രദ്ധക്ഷണിക്കൽ**

ഇന്നോവേഷൻ കൗൺസിൽ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, ഭരണമികവും കാര്യക്ഷമതയും സംസ്ഥാനത്തിന്റെ സമഗ്ര വളർച്ചയും ത്വരിതപ്പെടുത്താനും ഉറപ്പാക്കാനുംവേണ്ടി സംസ്ഥാനത്ത് ഇന്നോവേഷൻ കൗൺസിൽ രൂപീകരിക്കേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ചാണ് ഞാൻ ബഹുമാനപ്പെട്ട സഭയുടെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധ ക്ഷണിക്കുന്നത്. നമ്മുടെ രാജ്യത്ത് പ്രധാനമന്ത്രിയുടെ നിയന്ത്രണത്തിൽ ലോകപ്രശസ്ത നോളഡ്ജ് എക്സ്പെർട്ടായ സാം പിത്രോഡയുടെ നേതൃത്വത്തിൽ ദേശീയ ഇന്നോവേഷൻ കൗൺസിൽ നിലവിൽ വന്നിട്ടുണ്ട്. ഇന്ത്യയിലെ 21 സംസ്ഥാനങ്ങളിൽ സംസ്ഥാന ഇന്നോവേഷൻ കൗൺസിൽ രൂപീകരിക്കപ്പെട്ടുകഴിഞ്ഞു. കേരളത്തിനും ഒരു ഇന്നോവേഷൻ കൗൺസിൽ വേണം. പ്രസ്തുത കൗൺസിൽ ഉന്നത ഉദ്യോഗസ്ഥരുടെ സമിതിയായി മാറാൻ പാടില്ല, മറിച്ച് ജനപക്ഷത്തുനിന്ന് ചിന്തിക്കുകയും പരിസ്ഥിതി സൗഹൃദ വികസനമുൾപ്പെടെയുള്ള കാര്യങ്ങൾ വച്ചുപുലർത്തുകയും ചെയ്യുന്ന സാമൂഹ്യ പ്രതിബദ്ധതയും പ്രായോഗിക സമീപനവുമുള്ള നോളഡ്ജ് മാനേജ്മെന്റ് എക്സ്പെർട്ടുകൾ ഉൾപ്പെടുന്ന ഒരു സമിതിയായിരിക്കണം നമ്മുടെ സംസ്ഥാനത്ത് രൂപീകരിക്കേണ്ട ഇന്നോവേഷൻ കൗൺസിൽ. നിലവിലെ ഭരണ സംവിധാനത്തിലെ അപാകതകൾ ദൂരീകരിച്ചുകൊണ്ട് വികസന ക്ഷേമ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കാൻവേണ്ട ക്രമീകരണങ്ങളും നിർദ്ദേശങ്ങളും നടത്തുന്ന

തിനുവേണ്ടി ഒരു ഇന്നോവേഷൻ കൗൺസിലിന്റെ രൂപീകരണം നമ്മുടെ സംസ്ഥാനത്ത് വികസന പ്രക്രിയകൾ ത്വരിതപ്പെടുത്തും. മികവുറ്റ പദ്ധതികൾ രൂപീകരിച്ച് ആശയ സുതാര്യതയും സമയബന്ധിതമായും നിർവഹണം നടത്തുവാൻ വിഭവശേഷിയും സ്രോതസ്സുകളും ആധുനിക സാങ്കേതിക വിദ്യ കളും നൂതന കാഴ്ചപ്പാടുകളും ബുദ്ധിപരമായ കഴിവുകളും സമന്വയിപ്പിച്ചു കൊണ്ട് സർക്കാർ സംവിധാനം കാര്യക്ഷമവും മികവുറ്റതുമാക്കുന്ന ഒരു പുതിയ സംസ്ഥാന ഇന്നോവേഷൻ കൗൺസിലാണ് കേരളം ആഗ്രഹി ക്കുന്നത്. ഈ സർക്കാരിനെക്കുറിച്ച് ജനങ്ങൾക്ക് വളരെയേറെ പ്രതീക്ഷയാ ണുള്ളത്. തുടക്കം മുതൽ വളരെ പ്രതീക്ഷ വച്ചുപുലർത്തുന്ന സർക്കാരാ ണിത്. ഉദ്യോഗസ്ഥ സംവിധാനത്തിൽ വേഗതക്കുറവ് ജനങ്ങളുടെ പ്രതീക്ഷയ്ക്ക് എപ്പോഴെങ്കിലും മങ്ങലേൽപ്പിക്കുന്നു എന്ന് സംശയിച്ചാൽ കുറ്റം പറയേണ്ട കാര്യമില്ല. പ്രവർത്തനമികവ് ഉറപ്പുവരുത്തുന്നതിനുള്ള പ്രത്യേക സംവിധാനവും ദ്രുതഗതിയുള്ള കർമ്മപദ്ധതികളും കൂടിയേ തീരൂ. കേരളത്തിന്റെ സമഗ്ര വികസനത്തിനും സമ്പൂർണ്ണ പുരോഗതിക്കും വഴി തെളിയിക്കുന്ന അനന്തര സാധ്യതകളുള്ള ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഇന്നോവേഷൻ കൗൺസിൽ. തുക ചെലവഴിക്കാനുള്ള ഉപാധികളായിമാത്രം ഇതു ചുരുങ്ങിക്കൂട. ഭരണ സംവിധാനത്തെ ഊർജ്ജസ്വലമാക്കുന്നതിനും യഥാരീതിയിൽ പ്രവർത്തനങ്ങൾ പുരോഗമിപ്പിക്കുന്നതിനും ഇടയാക്കുക യാണ് ഒരു ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിവേഗം ബഹുദൂരം സഞ്ചരിക്കുന്ന ആളാണ്. അദ്ദേഹത്തിന്റെ സ്വപ്നവും കാഴ്ചപ്പാടും കേരളത്തിലെ മാറ്റങ്ങൾക്കുവേണ്ടിയുള്ളതാണ്. ഈ പശ്ചാത്തലത്തിൽ ഇന്ത്യയ്ക്ക് മാതൃകയായി ദേശീയ തലത്തിൽ രൂപീകരിച്ചി രിക്കുന്ന ഇന്നോവേഷൻ കൗൺസിലിന്റെ ഒരു മോഡൽ കേരളത്തിൽ രൂപീക

രിക്കണം. നമ്മുടെ സംസ്ഥാനത്ത് ഭരണരംഗത്ത് നവീനമായ ആശയങ്ങൾ കൊണ്ടുവരാൻവേണ്ടി ഇത് പ്രയോജനപ്പെടും. ഞാനിത് മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മി. സ്പീക്കർ: ദയവായി നിങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങണം. സ്വസ്ഥമായി സുഖമായിരിക്കാൻ ഓരോ കസേരയുള്ളപ്പോൾ നിങ്ങൾ ......... പ്ലീസ് ...... പ്ലീസ് ...... അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ദേശീയ ഇന്നോവേഷൻ കൗൺസിലിന്റെ മാതൃകയിൽ സ്റ്റേറ്റ് ഇന്നോവേഷൻ കൗൺസിൽ കേരളത്തിൽ രൂപീകരിക്കണമെന്ന വളരെ സുപ്രധാനമായ ഒരു നിർദ്ദേശമാണ് ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. പ്രധാനമന്ത്രിയുടെ ഉപദേശകനും കേരള സംസ്ഥാനത്തിന്റെ മെന്ററുമായ ഡോ. സാം പിത്രോഡയാണ് നാഷണൽ ഇന്നോവേഷൻ കൗൺസിലിന്റെ മാതൃകയിൽ സ്റ്റേറ്റ് ഇന്നോവേഷൻ കൗൺസിൽ രൂപീകരിക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാരിനു മുമ്പാകെ സമർപ്പിച്ചത്. സംസ്ഥാനത്ത് വിവിധ രംഗങ്ങളിൽ നൂതന രീതികൾ ആവിഷ്കരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാരിനെ സഹായിക്കുക, യുവപ്രതിഭകളേയും തദ്ദേശ സർവ്വകലാശാലകളേയും കോളേജുകളേയും ചെറുകിട–ഇടത്തരം വ്യവസായങ്ങളേയും ഗവേഷണ സ്ഥാപനങ്ങളേയും പ്രോത്സാഹിപ്പിക്കുക, സംസ്ഥാനത്ത് നൂതന രീതി ആവിഷ്കരിക്കുന്നതിനുള്ള സാധ്യതകൾ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കുക തുടങ്ങിയ സുപ്രധാന ലക്ഷ്യങ്ങളാണ് ഇതിലുള്ളത്. വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഉന്നത വ്യക്തികളെ ഉൾപ്പെടുത്തി സ്റ്റേറ്റ്

ഇന്നോവേഷൻ കൗൺസിൽ രൂപീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. സ്റ്റേറ്റ് ഇന്നോവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനോട് സംസ്ഥാന ആസൂത്രണ ബോർഡ് അനുകൂല നിലപാട് അറിയിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് സ്റ്റേറ്റ് ഇന്നോവേഷൻ കൗൺസിലിന്റെ സെക്രട്ടേറിയറ്റായി തല്ക്കാലം പ്രവർത്തിക്കുന്നതാണ്. സ്റ്റേറ്റ് ഇന്നോവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും സഹായ സഹകരണങ്ങളും നാഷണൽ ഇന്നോവേഷൻ കൗൺസിൽ നൽകുന്നതാണ്. ഇതിന്റെ രൂപീകരണത്തിന് പ്രാരംഭ നടപടിയായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എം.ഡി.-യെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. സ്റ്റേറ്റ് ഇന്നോവേഷൻ കൗൺസിലിൽ ഉൾപ്പെടുത്തേണ്ട വ്യക്തികളുടെ ലിസ്റ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയുംവേഗം ഇത് രൂപീകരിക്കുന്നതാണെന്ന് സഭയ്ക്ക് ഉറപ്പ് നൽകുന്നു.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനത്ത് ബുദ്ധിപരമായി വളരെയേറെ കഴിവുള്ള സാധാരണ ആളുകളിൽനിന്നും വ്യത്യസ്തമായി ഉദ്യോഗസ്ഥൻമാർ മാത്രമടങ്ങുന്ന ഒരു കൗൺസിലല്ലാതെ ഗവൺമെന്റിന് ഏറ്റവും പ്രായോഗികമായ സമീപനങ്ങൾ നൽകാൻ കഴിയുന്ന knowledge base ഉള്ള ആളുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇന്നോവേഷൻ കൗൺസിൽ വളരെയേറെ ശക്തമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നാഷണൽ ഇന്നോവേഷൻ കൗൺസിലിന്റേയും മാതൃക അതാണ്. സംസ്ഥാനത്ത് രൂപീകരിക്കുന്ന ഇന്നോവേഷൻ കൗൺസിൽ ഉദ്യോഗസ്ഥൻമാരുടെ സമിതി ആയിരിക്കില്ല. കഴിവുള്ളവരേയും ഈ രംഗത്ത് നിർണ്ണായകമായ സംഭാവനകൾ ചെയ്യാൻ സാധിക്കുന്നവരേയും

ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കൗൺസിലായിരിക്കും എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

(ശ്രീ. വി. ചെന്താമരാക്ഷൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ അദ്ദേഹത്തിന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: എനിക്ക് ഒരഭ്യർത്ഥന കൂടിയുണ്ട്. ഇന്നത്തെ മൂന്ന് ബില്ലുകളിൽ ഒരെണ്ണം വളരെ പ്രധാനപ്പെട്ടതാണ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പരിഗണനയ്ക്കെടുക്കേണ്ട ദിവസമാണിന്ന്. മലയാള ത്തിനുവേണ്ടി നമ്മൾ ഓപ്പൺ സ്ട്രീറ്റ് സമരത്തിനുപോലും പൊയ്ക്കൊണ്ടിരിക്കുന്ന കാലമാണിത്.

(സബ്മിഷനുകൾ റദ്ദുചെയ്തു.)

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് മുന്നിൽ വന്ന് ബഹളം വച്ചുകൊണ്ടിരുന്നു)